# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 144          18.03.2013-ൽ മറുപടിക്ക്

**തുറമുഖങ്ങളിലെ മണൽ ഖനനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീ.വി.തിലോത്തമൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | തുറമുഖ വകുപ്പിന്റെ കീഴിൽ തുറമുഖങ്ങളിലും അഴിമുഖങ്ങളിലും നിന്ന് മണലെടുക്കാൻ സംസ്ഥാനത്ത് എത്ര മണൽ കടവുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; എവിടെയെല്ലാം; ജില്ലതിരിച്ച് വ്യക്തമാക്കമോ; | (എ) | 81 കടവുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.<br>1. സീനിയർ പോർട്ട് കൺസർവേറ്റർ, അഴീക്കൽ ഓഫീസിന്റെ കീഴിൽ 28 കടവുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. (കണ്ണൂർ ജില്ല)<br>2. കാസർഗോഡ് തുറമുഖ പരിധിയിൽ മാന്വൽ ഡ്രെജിംഗ് നടത്തുന്നതിന് 11 കടവുകൾക്ക് അനുമതി നൽകിയിട്ടുണ്ട് (കാസർഗോഡ് ജില്ല)<br>3. വടകര തുറമുഖ പരിധിയിൽ 4 കടവുകൾ അനുവദിച്ചിട്ടുണ്ട്. (കോഴിക്കോട് ജില്ല)<br>4. സീനിയർ പോർട്ട് കൺസർവേറ്റർ, ബേപ്പൂർ ഓഫീസിനു കീഴിൽ 3 കടവുകൾ അനുവദിച്ചിട്ടുണ്ട്. (കോഴിക്കോട് ജില്ല)<br>5. പൊന്നാനി തുറമുഖ ഓഫീസിന് കീഴിൽ 22 കടവുകൾക്ക് അനുമതി നൽകിയിട്ടുണ്ട് (മലപ്പുറം ജില്ല)<br>6. കൊടുങ്ങല്ലൂർ തുറമുഖ ഓഫീസ് പരിധിയിൽ 4 കടവുകൾ അനുവദിച്ചിട്ടുണ്ട്. (എറണാകുളം ജില്ല)<br>7. തൃശ്ശൂർ ജില്ലയിൽ 9 കടവുകൾ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം കടവുകളിൽനിന്നും മണലെടുക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ സഹകരണ സംഘങ്ങളുടെ ലേബലിൽ മണൽ മാഫിയകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | കോ-ഓപ്പറേറ്റീവ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്ക് മാന്വൽ ഡ്രഡ്ജിംഗിന് അനുമതി നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ പേരിൽ മണൽ മാഫിയകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സഹകരണ സംഘങ്ങൾക്ക് മാന്വൽ ഡ്രഡ്ജിംഗിന് അനുമതി നൽകിയ തോട്ടക്കൂടി തുറമുഖ പരിധിയിലും സമീപ പ്രദേശങ്ങളിലും അനധികൃത മണൽ ഖനനം നടത്തുന്ന മണൽ മാഫിയകളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ ഖനനം ചെയ്യുന്ന ഉപ്പിന്റെ അംശം കൂടുതലുള്ള മണൽ കെട്ടിടനിർമ്മാണത്തിനും മറ്റുമായി ഉപയോഗിച്ചുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭാവിയിൽ വൻ ദുരന്തങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഉപ്പ് കലർന്ന മണൽ കെട്ടിട നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ഉപ്പിന്റെ അംശം കൂടുതലുള്ള മണൽ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലവാഹനങ്ങളുടെ സുഗമമായ പോക്ക് വരവിന് തുറമുഖ ചാനലുകളിൽ അടിഞ്ഞുകൂടിയ മെറ്റീരിയൽസ് (മണൽ, ചെളി, കക്ക എന്നിവ) നീക്കം ചെയ്യുന്നതിനാണ് തുറമുഖ വകുപ്പ് മാന്വൽ ഡ്രഡ്ജിംഗിന് അനുമതി നല്കുന്നത്. |

സെക്ഷൻ ഓഫീസർ